(ജെ) ഈ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(കെ) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 400 സ്കൂളുകൾ എന്നതാണ് ലഭ്യമായ കണക്ക്.

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും പി. ടി. എ. മുഖേനയും ശ്രമം നടത്തിവരുന്നുണ്ട്. എസ്. എസ്. എ. ഫണ്ട് കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്ന കാര്യവും പരിഗണിക്കും.

(സി) ഘട്ടം ഘട്ടമായി മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളു.

(ഡി) ഉണ്ട്.

(ഇ) കെ. ടി. അബ്ദുൾകരീം എന്നയാളുടെ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

(എഫ്) സ്കൂൾ രണ്ടു കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു. ഒന്നിന്റെ വാടക 709 രൂപയും രണ്ടാമത്തേതിന്റെ വാടക 5388 രൂപയുമാണ്.

(ജി) ഉണ്ട്. 1-4-2003 മുതൽ വാടക കുടിശ്ശിക ഇനത്തിൽ 1,41,231 രൂപ കൊടുത്തുതീർക്കാനുണ്ട്.

(എച്ച്) മതിയായ ഫണ്ടിന്റെ അഭാവമാണ് കാരണം.

(ഐ) 2004-05 മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് വാടക നൽകുന്നത്. വാടക കുടിശ്ശിക നടപ്പുവർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽനിന്നും അടച്ചു തീർക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് അടിയന്തിരമായി ആവശ്യപ്പെടുവാൻ പൊതുവിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്.

(ജെ) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിടം പണി നടന്നുവരുന്നു.

(കെ) കെട്ടിടം പണി പൂർത്തിയായാലുടൻ നടപ്പിലാക്കുന്നതാണ്.

പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകം

60 [3043] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യയനവർഷം ആരംഭിച്ച് രണ്ടുമാസത്തോളമായിട്ടും പാഠപുസ്തകങ്ങൾ വിതരണത്തിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായും എപ്പോൾ വിതരണം ചെയ്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഒന്നാം ടേം പരീക്ഷക്കു മുമ്പുതന്നെ പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ല എന്ന വസ്തുത ശരിയല്ല.

(ബി) കഴിഞ്ഞ വർഷം തയ്യാറാക്കിയതും മാറ്റമില്ലാതെ തുടരുന്നതുമായ പുസ്തകങ്ങളുടെ ലഭ്യത സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഇത്തരം പുസ്തകങ്ങൾ റീപ്രിന്റ് നടത്തി യൂണിവേഴ്സിറ്റി സഹകരണ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ റീപ്രിന്റ് ചെയ്യുന്നതിനുള്ള ചുമതല എറണാകുളത്തെ കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(സി) ആഗസ്റ്റ് മാസത്തോടെ വിതരണം പൂർത്തിയാക്കാൻ സാധിക്കും.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ഹയർ സെക്കണ്ടറി ബാച്ചിന്റെ അഡീഷണൽ പോസ്റ്റിൽ നിയമിതരായ അദ്ധ്യാപകർ

61 [3044] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചിന്റെ 2002-ൽ വന്ന അഡീഷണൽ പോസ്റ്റിൽ നിയമിതരായ അദ്ധ്യാപകർക്ക് പോസ്റ്റ് ഫിക്സേഷൻ നടത്തുകയോ ശമ്പളം നൽകുകയോ ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്നുവർഷമായി പരീക്ഷാമൂല്യനിർണ്ണയമുൾപ്പെടെയുള്ള ജോലി ഇവർ നിർവഹിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ഫിക്സേഷൻ നടത്തി ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ശമ്പളവും ആനുകൂല്യങ്ങളും എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly